# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | JANUARY 2024 | No. 03


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

യിരെമ്യാവ് 31:23–28

23. യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ അവരുടെ പ്രവാസികളെ മടക്കിവരുത്തുമ്പോൾ അവർ ഇനിയും യെഹൂദാദേശത്തും അതിലെ പട്ടണങ്ങളിലും, നീതിനിവാസമേ, വിശുദ്ധപർവ്വതമേ, യഹോവ നിന്നെ അനുഗ്രഹിക്കുമാറാകട്ടെ എന്നു പറയും.

24. അതിൽ യെഹൂദയും അതിന്റെ സകല നഗരവാസികളും കൃഷിക്കാരും ആട്ടിൻകൂട്ടങ്ങളോടുകൂടെ സഞ്ചരിക്കുന്നവരും ഒരുപോലെ പാർക്കും.

25. ദാഹിച്ചിരിക്കുന്നവനെ ഞാൻ തണുപ്പിക്കും; വിശന്നു ക്ഷീണിച്ചിരിക്കുന്ന ഏവനും ഞാൻ തൃപ്തി വരുത്തും.

26. ഇതിങ്കൽ ഞാൻ ഉണർന്നു എന്റെ നിദ്ര എനിക്കു സുഖകരമായിരുന്നു എന്നു കണ്ടു.

27. ഞാൻ യിസ്രായേൽ ഗൃഹത്തിലും യെഹൂദാ ഗൃഹത്തിലും എല്ലാ മനുഷ്യരുടെയും മൃഗങ്ങളുടെയും വിത്തു വിതെക്കുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.

28. അന്നു ഞാൻ പറിപ്പാനും പൊളിപ്പാനും ഇടിപ്പാനും നശിപ്പിപ്പാനും കഷ്ടപ്പെടുത്തുവാനും അവരുടെ മേൽ ജാഗരിച്ചിരുന്നതുപോലെ പണിവാനും നടുവാനും അവരുടെ മേൽ ജാഗരിച്ചിരിക്കും എന്നു യഹോവയുടെ അരുളപ്പാടു.

# എന്റെ നന്മയിൽ നിങ്ങൾ സംതൃപ്തരായിരിക്കും!

## എന്നു കർത്താവ് പറയുന്നു – യിരെമ്യാവ് 31:14.

## YOU SHALL BE SATISFIED WITH MY GOODNESS!

**says the Lord - Jeremiah 31:14.**

**2024–ൽ ജീവിതത്തിൽ എന്തു സംഭവിക്കുമെന്ന് അറിയാൻ ആകാംക്ഷയുള്ള തന്റെ മക്കളോട് ഈ സന്ദേശത്തിലൂടെ ദൈവം ആശയവിനിമയം നടത്തും. ശ്രദ്ധയോടെ വായിക്കുവിൻ!**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



വിളിയുടെ പ്രതിധ്വനി കുടുംബാംഗങ്ങൾക്ക് സന്തോഷപ്രദവും അനുഗ്രഹീതവുമായ പുതുവത്സരം ആശംസിക്കുന്നു.

വിളിയുടെ പ്രതിധ്വനി ശുശ്രൂഷക്കായുള്ള നിങ്ങളുടെ നിരന്തരമായ സഹായത്തിന് നന്ദി അർപ്പിക്കുന്നു. ദൈവം നമുക്കു നൽകിയ എല്ലാ നന്മകൾക്കും നന്ദി അർപ്പിക്കുവാനായി നമുക്ക് ഒരു വർഷം കൂടെ അനുഗ്രഹിച്ചു നൽകിയിരിക്കുന്നു. ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ആളുകളിലേക്ക് ഞങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്നത് നിങ്ങളുടെ ശക്തമായ പ്രാർത്ഥനയിലൂടെയും സ്നേഹസമർപ്പണങ്ങളിലൂടെയുമാണ്. നിങ്ങളുടെ പിന്തുണയ്ക്ക് ഞങ്ങൾ എന്നും നന്ദിയുള്ളവരാണ്. സുവാർത്തയുടെ പ്രത്യാശ ലോകത്തിനു പകരാനായി നിങ്ങളുടെ സമയവും കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥകളും അർപ്പിച്ചതിന് നിങ്ങളെ മാത്രമല്ല, നിങ്ങളുടെ ഭാവി തലമുറയെയും ദൈവം നിശ്ചയമായും അനുഗ്രഹിക്കും. ഈ മഹത്തായ പ്രവർത്തനം തുടരാൻ നമുക്കു കൈകോർക്കാം.

3–ാം പേജിൽ തുടരും...

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## from your dearly beloved brother...



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

## നന്മ കൊണ്ടു ഈ വർഷത്തെ കിരീടമണിയിക്കുന്നു, ...

സങ്കീർത്തനം 65:11

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

**നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ!** (1പത്രൊസ് 1:2).



പാസ്റ്റർ. അലക്സ് സാംസൺ സാം

ഈ എഡിറ്റോറിയൽ കോളം എഴുതുവാൻ എനിക്ക് അവസരം ലഭിച്ചതിൽ ഞാൻ ദൈവത്തോട് നന്ദിയുള്ളവനാണ്. എന്റെ പിതാവായ പാസ്റ്റർ എസ്. സാം സെൽവരാജ് മിഷണറി പ്രവർത്തനങ്ങളും അതിനോടു ബന്ധപ്പെട്ട യാത്രകളിലുമായതിനാൽ ഈ ജോലി എന്നെ ഏൽപ്പിച്ചിരിക്കുന്നു. കഴിഞ്ഞ ചില പതിറ്റാണ്ടുകളായി ഞങ്ങളോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തെയും പങ്കാളിത്തത്തെയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

സുവിശേഷം എത്തിച്ചേരാത്ത നിരവധി വ്യക്തികളിലേക്ക് സുവിശേഷം എത്തിക്കുവാൻ 2023 ഡിസംബർ മാസം അവസരങ്ങൾ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങളുടെ പുതുവത്സരാരാധനയും അനുഗ്രഹപ്രദമായിരുന്നു. 2024 ൽ ഫലപ്രദമായ അനുഗ്രഹങ്ങളാൽ നിങ്ങളെയും കുടുംബത്തെയും വഴിനടത്തും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു. ദൈനംദിന ചിന്തകൾ എല്ലാ ദിവസവും ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, തെലുങ്ക് എന്നീ ഭാഷകളിലെ **വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിലൂടെ** സംപ്രേഷണവും ചെയ്യുന്നുണ്ട്. മറ്റു ഭാഷകളിലും കൂടെ ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും ഞങ്ങൾ ആലോചിക്കുന്നുണ്ട്. **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകളുടെ അഭിവൃദ്ധിക്കായി നിങ്ങളുടെ ശക്തമായ പ്രാർത്ഥന ഞങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.



നെഹെമ്യ ബൈബിൾ കോളേജ് നേതാക്കൾ

**വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകൾക്കുവേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനയ്ക്കും സഹായത്തിനും ഞങ്ങൾ നന്ദിയുള്ളവരാണ്. ഇതുമായി ബന്ധപ്പെട്ട് **നെഹെമ്യ ബൈബിൾ കോളേജിൽ** ഇപ്പോൾ ഹിന്ദിയിലും തമിഴിലും നടന്നുകൊണ്ടിരിക്കുന്ന ക്ലാസ്സുകളെക്കുറിച്ച് ഓർമ്മിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പുതിയ വർഷത്തിലേക്ക് കടക്കുമ്പോൾ ഇംഗ്ലീഷ് ഭാഷയുംകൂടെ ഉൾപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. **ഏഷ്യ തിയോളജിക്കൽ**

**അസ്സോസിയേഷന്റെ** ഔദ്യോഗികമായ അംഗീകാരം ലഭിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് എന്നത് സന്തോഷമുള്ള കാര്യമാണ്. ഔദ്യോഗികമായ അംഗീകാരത്തിനായി രജിസ്റ്റർ ചെയ്ത അപേക്ഷ അവർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. **നെഹെമ്യ ബൈബിൾ കോളേജ്** ഫലപ്രദമായി നടത്തിക്കൊണ്ടുപോകുവാനും അതിന്റെ വികസനത്തിനുമായി പ്രയത്നിക്കുന്ന സഹപ്രവർത്തകരെ ഓർത്ത് പ്രാർത്ഥിക്കുവിൻ.

കൂടാതെ ഞങ്ങളുടെ ശുശ്രൂഷകളായ **വിളിയുടെ പ്രതിധ്വനി ശുശ്രൂഷ,** 16 ഭാഷകളിലുള്ള വാർത്താമാസിക, ബഹുഭാഷാ സഭകൾ, **ബൈബിൾകോർ കറസ്പോണ്ടൻസ് കോഴ്സുകൾ, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ,** സുവിശേഷ അച്ചടിശാല എന്നിവയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി തുടർന്നും പ്രാർത്ഥിക്കുവിൻ.

**യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ** (സംഖ്യാപുസ്തകം :24-26).

*ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ*

*പാസ്റ്റർ അലക്സ് സാംസൺ സാം*
*പാസ്റ്റർ സാം സെൽവരാജ്*

(+91) 98412 71858/98410 71858
E-mail : sam@echoofhiscall.org

*1-ാം പേജിന്റെ തുടർച്ച...*

ദൈവീകജ്ഞാനം, അറിവ്, നല്ല ആരോഗ്യം, ശക്തി, മനസ്സമാധാനം എന്നിവയോടെ ഈ ലോകത്തിൽ സഞ്ചരിക്കാനുള്ള ജ്ഞാനം ഈ വർഷം കർത്താവ് നിങ്ങൾക്കു നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാറ്റിനുമുപരി, അവൻ തന്റെ നന്മയാൽ നിങ്ങളെ തൃപ്തിപ്പെടുത്തട്ടെ.

**എന്റെ ജനം എന്റെ നന്മകൊണ്ടു തൃപ്തി** പ്രാപിക്കും എന്ന് യിരെമ്യാവ് 31:14 ൽ പറയുന്നു.

വർഷാരംഭത്തിൽ മുറുകെ പിടിക്കാൻ കഴിയുന്ന എത്ര മനോഹരമായ വാഗ്ദാനമാണ് ഇത്. എന്റെ ജനം **എന്റെ നന്മയിൽ തൃപ്തരാകും.** ഇതിന്റെ അർത്ഥം ഞാൻ അസംതൃപ്തനോ, കുറവുള്ളവനോ, ഇല്ലായ്മയുള്ളവനോ ആകയില്ല എന്നാണ്. ഈ വർഷം എന്റെ എല്ലാ ആവശ്യങ്ങളും എന്റെ ദൈവം നിറവേറ്റിത്തരും. ഈ വർഷം ദൈവത്തിന്റെ നന്മകൾ അനുഭവിക്കുന്നതും അവൻ തരുന്നതുകൊണ്ട് സംതൃപ്തി ലഭിക്കുന്ന വർഷവുമായിരിക്കും. **ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല** (1 കൊരിന്ത്യർ 2:9). ഈ വർഷം ദൈവം നമ്മെ നടത്തുവാൻ പോകുന്നത് ഇങ്ങനെയാണ്. അവൻ തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായിരിക്കുന്നത് എന്നെ ആവേശഭരിതയാക്കുന്നു. നിങ്ങൾക്കോ?

## ദൈവത്തിന്റെ നന്മ!

സ്വർഗ്ഗീയ പിതാവായ നമ്മുടെ ദൈവം പല പല നന്മകളാൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. എന്നാൽ, സാത്താൻ നമ്മുടെ മനസ്സുകളെ സ്വാധീനിച്ച് നമ്മുടെ ധാരണകളെ വികലമാക്കാനും ശ്രമിക്കുന്നതിനാൽ നമുക്കു ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ അവഗണിക്കുവാൻ ഇടയാക്കുന്നു. ഏദെൻ തോട്ടത്തിന്റെ ഉദാഹരണം നമുക്ക് പരിശോധിക്കാം. ഉല്പത്തി 1:26-28, 31 എന്നീ വാക്യങ്ങളിൽ ദൈവം ആദാമിനെയും ഹവ്വയെയും അനുഗ്രഹിക്കുന്നതായി കാണുന്നു.

അനന്തരം ദൈവം: **നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. താൻ ഉണ്ടാക്കിയതിനെയൊക്കെയും ദൈവം നോക്കി നല്ലത് എന്നു കണ്ടു.**

ഇതു കൂടാതെ, **എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും എന്നും** ഉല്പത്തി 2:17 ൽ ദൈവം കല്പിച്ചു.

നമുക്ക് ഈ ലോകത്തിൽ എല്ലാത്തിന്റെയും മേൽ അധികാരം ഉണ്ടായിരിക്കുമെന്ന് ദൈവം കല്പിച്ചു. എന്നാൽ, ഇന്നത്തെ ലോകത്തിൽ, നാം ഉപയോഗിക്കുന്ന ഫോണുകളും പുതിയ സാങ്കേതികവിദ്യകളും ഉൾപ്പെടെ നമ്മുടെ ചുറ്റിലുമുള്ള എല്ലാത്തിനും നമ്മുടെ മേൽ ആധിപത്യം ഉണ്ടെന്ന് പലപ്പോഴും തോന്നിപ്പോകുന്നു.

ദൈവത്തിന്റെ വചനങ്ങളെ സാത്താൻ വളച്ചൊടിച്ചിരിക്കുന്നത് എങ്ങനെയെന്നാൽ: **നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും** (ഉൽപ്പത്തി 3:4,5).

ഇവിടെ ഹവ്വയെ വശീകരിക്കുന്ന സാത്താന്റെ വാക്കുകൾ നമുക്കു കാണാം. അവർ മരിക്കുകയില്ല എന്നും ദൈവത്തെപ്പോലെയാകും എന്നുള്ള വശീകരണ വാക്കുകളാണ് അവളെ വീഴ്ത്താൻ സാത്താൻ പ്രയോഗിക്കുന്നത്. ദൈവത്തിനു നൽകാൻ കഴിയുന്നതിനേക്കാൾ ശക്തിയേറിയ വാഗ്ദാനങ്ങളാണ് സാത്താൻ എപ്പോഴും നൽകി ചതിക്കുന്നത്. സാത്താന്റെ ഈ തന്ത്രം നമുക്കു പരിചിതമാണെന്നു തോന്നുന്നത് എന്തുകൊണ്ടാണ്? കാരണമെന്തെന്നാൽ ജനങ്ങളെ ദൈവത്തിൽനിന്നും അകറ്റാൻ സാത്താൻ ഇതേ തന്ത്രം തന്നെയാണ് ഇന്നും പ്രയോഗിക്കുന്നത്. നമ്മുടെ സ്നേഹനിധിയായ യേശുക്രിസ്തു വാഗ്ദാനം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠവും മഹത്തായതും ശക്തവുമായ കാര്യങ്ങളാണ് സാത്താൻ നൽകുമെന്ന് നമ്മെ പ്രലോഭിപ്പിക്കുന്നത്.

പീന്നീട് സംഭവിച്ചതെന്തെന്നാൽ, സാത്താന്റെ വാക്കുകൾക്ക് ആദാമും ഹവ്വയും ചെവികൊടുത്തപ്പോൾ അവരുടെ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ നഷ്ടപ്പെട്ടുപോയി.

**ഉടനെ ഇരുവരുടെയും കണ്ണു തുറന്നു;... ദൈവം കാണാതിരിക്കാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു** (ഉൽപ്പത്തി 3:7-10). അവരുടെ സന്തോഷവും സമാധാനവുമെല്ലാം നഷ്ടപ്പെട്ടു.

**അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേണ്ടതിന്നു യഹോവയായ ദൈവം അവനെ ഏദെൻ തോട്ടത്തിൽനിന്നു പുറത്താക്കി** (ഉൽപ്പത്തി 3:23). **നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്കു അതിൽനിന്നു മുളയ്ക്കും; വയലിലെ സസ്യം നിനക്ക് ആഹാരമാകും. ...മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും** (ഉൽപ്പത്തി 3:17-19).

അവർക്ക് ദൈവത്തിന്റെ നന്മയും ദൈവത്തോടുള്ള കൂട്ടായ്മയും നഷ്ടപ്പെട്ടു.

സന്തോഷം നൽകി നിങ്ങളെ തൃപ്തരാക്കും. ദൈവീക നന്മയുടെ അടയാളമാണ് സന്തോഷം (പ്രവൃത്തികൾ 14:17).

ആകാശത്തുനിന്നു മഴയും ഋതുക്കളിൽ വിളകളും നിങ്ങൾക്കു നൽകി അവൻ ദയ (നന്മ) കാണിച്ചിരിക്കുന്നു. അവൻ നിങ്ങൾക്കു ആഹാരം ധാരാളമായി നൽകുകയും നിങ്ങളുടെ ഹൃദയത്തെ സന്തോഷം കൊണ്ടു നിറയ്ക്കുകയും ചെയ്യുന്നു.

ആനന്ദം, സന്തോഷം എന്നിവ പലർക്കും ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനാൽ അതിന്റെ വ്യത്യാസത്തെക്കുറിച്ച് ഞാൻ ഗവേഷണം നടത്തി:

- ❖ ആനന്ദം ചെറിയ വാക്കാണ്, സന്തോഷമോ വലുതും.
- ❖ ആനന്ദം ഹൃദയത്തിലും സന്തോഷം മുഖത്തുമാണ്.
- ❖ ആനന്ദം ആത്മാവിന്റേതാണ്, സന്തോഷം നൈമിഷികമാണ്.
- ❖ ആനന്ദം കീഴടക്കുന്നു, സന്തോഷം പ്രതികരിക്കുന്നു.
- ❖ ആനന്ദം സന്തോഷവും സമാധാനവും ഉൾക്കൊള്ളുന്നു, കണ്ടെത്താനായി കാത്തിരിക്കുന്നു.
- ❖ ആനന്ദം ആഴത്തിൽ ഒഴുകുകയും കവിഞ്ഞൊഴുകുകയും ചെയ്യുന്നു, സന്തോഷം ഹലോ പറഞ്ഞ് ആലിംഗനം ചെയ്യുന്നു.
- ❖ ആനന്ദം ഒരു ശീലവും പെരുമാറ്റരീതിയുമാണ്. അത് ആസൂത്രിതവും കരുതിക്കൂട്ടിയുള്ളതുമാണ്. സന്തോഷം ആലോചനയില്ലാതെ, അതിന്റെ വഴിയിൽ വരികയും പോകുകയും ചെയ്യുന്നു.
- ❖ ആനന്ദം അഗാധവും തിരുവെഴുത്തുകൾക്കനുസൃതമായതുമാണ്. സന്തോഷം മനസ്സിനെ സന്തോഷിപ്പിക്കുന്നതാണ്.
- ❖ ആനന്ദം ഒരു ആന്തരിക വികാരവും, സന്തോഷം ഒരു ബാഹ്യപ്രകടനവുമാണ്.
- ❖ ആനന്ദം പ്രയാസങ്ങളും പരീക്ഷണങ്ങളും സഹിക്കുകയും ലക്ഷ്യവുമായി അർത്ഥപൂർണ്ണമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

ഒരു വ്യക്തി സന്തോഷത്തെ പിന്തുടരുന്നു, പക്ഷെ ആനന്ദം തിരഞ്ഞെടുക്കുന്നു.

പലപ്പോഴും സന്തോഷവും സമാധാനവും കൈകോർത്തു പോകുന്നു. സമാധാനമുള്ളപ്പോൾ സന്തോഷമുണ്ട്, സന്തോഷമുള്ളിടത്ത് സമാനവുമുണ്ട്. ഇവ രണ്ടും ഇരട്ട സഹോദരിമാരെപ്പോലെയാണ്. സന്തോഷം ദൈവത്തിന്റെ നന്മകളിൽ ഒന്നാണ്. നമ്മുടെ ഹൃദയത്തെ സന്തോഷം കൊണ്ടു നിറച്ച് നമ്മെ തൃപ്തിപ്പെടുത്തുമെന്ന് അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്.

നെഹെമ്യാവ് 8:10 ൽ പറയുന്നതുപോലെ **യഹോയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ.**

ആദിയിൽ ഹവ്വയോട് ചെയ്തതുപോലെ, ദൈവത്തിന്റെ നന്മയെക്കുറിച്ച് നമുക്കുള്ള ധാരണയെ വളച്ചൊടിക്കുവാൻ സാത്താൻ ശ്രമിക്കുന്നു. ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നതിനേക്കാൾ കൂടുതൽ ആഗ്രഹിക്കുവാൻ സാത്താൻ നമ്മെ പ്രലോഭിപ്പിക്കുന്നു. അതിന്റെ ഫലമാണ് അസംതൃപ്തിയും നിരാശയും.

## 1. അസംതൃപ്തി!

ദൈവം വാഗ്ദത്തം ചെയ്തുകൊടുത്തിരുന്നതിൽ ഹവ്വയ്ക്ക് തൃപ്തി ഇല്ലായിരുന്നു. ദൈവത്തിന്റെ നന്മയ്ക്കെതിരായ ആദ്യ ശത്രുവാണ് അസംതൃപ്തി. “എനിക്ക് അത് ഉണ്ടായിരുന്നെങ്കിൽ” അല്ലെങ്കിൽ “എനിക്ക് കൂടുതൽ വേണം” എന്ന് സ്വയം ചിന്തിക്കുമ്പോൾ ദൈവം നമുക്കു നൽകിയ അനുഗ്രഹങ്ങളിൽ നാം തൃപ്തരല്ല എന്നും അതിനെ വിലമതിക്കുന്നില്ല എന്നും കരുതണം. പക്ഷെ, ദൈവം നമുക്കു നൽകിയവയിൽ നാം സന്തോഷം കണ്ടെത്തുകയാണെങ്കിൽ നമ്മുടെ ജീവിതം സന്തോഷത്താൽ നിറയും.

**എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ** എന്നു റോമർ 15:13ൽ പറഞ്ഞിരിക്കുന്നു.

അസംതൃപ്തി നമ്മുടെ സന്തോഷം കവർന്നെടുക്കുന്നു. അത് ദൈവഹിതത്തിനു വിപരീതവുമാകുന്നു. ദൈവം നമുക്കു നൽകുന്ന നന്മയിൽ സംതൃപ്തരാകുവാൻ നാം പഠിക്കണം. ദൈവം നമുക്കു തന്നതിൽ സന്തോഷിക്കാനും സംതൃപ്തിയുടെയും നന്ദിയുടെയും മനോഭാവം വളർത്തിയെടുക്കുവാനും ഈ പുതിയ വർഷത്തിന്റെ ആരംഭത്തിൽ തന്നെ നമുക്കു പഠിക്കാം.

## 2. നിരാശ!

നമ്മുടെ സന്തോഷം ഇല്ലാതാക്കാൻ സാത്താൻ സൃഷ്ടിക്കുന്ന ഒരു മിഥ്യയാണ് നിരാശ. എപ്പോഴെല്ലാം പ്രതീക്ഷയുണ്ടാകുന്നുവോ അപ്പോഴെല്ലാം നിരാശയും ഉണ്ടാകുന്നു.

നാം പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയും പോലെ തന്നെ ദൈവം നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുമെന്ന് നാം പലപ്പോഴും പ്രതീക്ഷിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ സഫലമാകാതെവരുമ്പോൾ നാം നിരാശരായിത്തീരുന്നു. നാം അനുഭവിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും നമ്മെ കൂടുതലായി താഴേക്ക് വലിച്ചിഴക്കുന്നു എന്നു തോന്നുന്നതിനാൽ നാം നിരാശരാകുന്നു. ഉദാഹ

06-ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यम: हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd. 1969

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान

Certificate in Ministry
Diploma in Theology

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ജനുവരി 19*** ⇨ അർത്ഥവത്തും ഫലപ്രദവുമായ രീതിയിൽ മുഖ്യ സഭയിലും ശാഖാസഭകളിലും ക്രിസ്തുമസ്സ് ആഘോഷിക്കുവാൻ സഹായിച്ചതിനായി.

***ജനുവരി 20*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ജനുവരി 21*** ⇨ മുഖ്യ സഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്ന നേതാക്കളെയും അനുഗ്രഹിച്ചതിനായി.

***ജനുവരി 22*** ⇨ യുവാക്കളുടെയും കുട്ടികളുടെയും ആഗോള പരിപാലന ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

***ജനുവരി 23*** ⇨ അഞ്ചു മിനിട്ട് ദൈർഘ്യമുള്ള യുട്യൂബ് ശുശ്രൂഷയിലൂടെ വചനം എത്താത്തിടങ്ങളിൽ എത്തുവാൻ കഴിഞ്ഞതിനായി.

***ജനുവരി 24*** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയെ അനുഗ്രഹിച്ചതിനായി.

***ജനുവരി 25*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ 16 ഭാഷകളിലെ മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിച്ചു വിതരണം ചെയ്യാൻ അനുഗ്രഹിച്ചതിനായി.

***ജനുവരി 26*** ⇨ കഴിഞ്ഞ മാസതെ ആത്മീകവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റിയതിനായി.

***ജനുവരി 27*** ⇨ നമ്മുടെമിഷണറിമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ജനുവരി 28*** ⇨ വിവിധ ശുശ്രൂഷകളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള നമ്മുടെ സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

***ജനുവരി 29*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും നല്ല ആരോഗ്യം നൽകി ദൈവീക സംരക്ഷണത്തിൽ പരിപാലിച്ചുകൊണ്ടിരിക്കുന്നതിനായി.

***ജനുവരി 30*** ⇨ നമ്മുടെ എല്ലാ സഭായോഗങ്ങളിലും യുവതീ യുവാക്കൾ പങ്കെടുക്കുവാൻ കാണിക്കുന്ന താല്പര്യത്തിന്റെ അനുഗ്രഹത്തിനായി.

***ജനുവരി 31*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും ദുഷ്ടശക്തികളിൽനിന്നും വിടുവിച്ചു കൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 01*** ⇨ നമ്മുടെ പങ്കാളികളുടെ പ്രാർത്ഥനയും സഹായങ്ങളും ലഭ്യമാക്കിത്തന്നതിനായി.

***ഫെബ്രുവരി 02*** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിക്കുന്നതിനായി.

***ഫെബ്രുവരി 03*** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനയിൽ വചനത്തിന്റെ ശക്തി വെളിപ്പെടുവാൻ.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ഫെബ്രുവരി 04*** ⇨ ക്രിസ്തീയ സംഘടനകളുടെയും സഭകളുടെയും സംരക്ഷണത്തിനും അനുഗ്രഹത്തിനും.

***ഫെബ്രുവരി 05*** ⇨ ഓഫീസിലെയും അച്ചടിശാലയിലെയും ജീവനക്കാരുടെ നല്ല ആരോഗ്യത്തിനായി.

***ഫെബ്രുവരി 06*** ⇨ **നെഹെമ്യ ബൈബിൾ കോളേജിലെ** എല്ലാ വിദ്യാർത്ഥികളുടെയും സംരക്ഷണത്തിനായി.

***ഫെബ്രുവരി 07*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ **യുട്യൂബ് ചാനലി**ലൂടെ പാസ്റ്റർ സാം സെൽവരാജിന്റെ സന്ദേശം മറ്റു ഭാഷകളിലും ലഭ്യമാക്കാൻ.

***ഫെബ്രുവരി 08*** ⇨ **നെഹെമ്യ ബൈബിൾ കോളേജിലെ** സഹപ്രവർത്തകരായ അദ്ധ്യാപകരെയും കോഴ്സ് സാമഗ്രികൾ പരിഭാഷപ്പെടുത്തുന്നവരുടെയും അനുഗ്രഹത്തിനായി.

***ഫെബ്രുവരി 09*** ⇨ യിസ്രായേൽ, പാലസ്തീൻ, റഷ്യ, ഉക്രെയിൻ എന്നിവിടങ്ങളിളെ സമാധാനത്തിനായി.

***ഫെബ്രുവരി 10*** ⇨ **നെഹെമ്യ ബൈബിൾ കോളേജിലെ** ലൈബ്രറി പുസ്തകങ്ങൾ കൊഹാ സോഫ്റ്റ്വെയറിൽ നവീകരിക്കുന്നതിനായി.

***ഫെബ്രുവരി 11*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുവാൻ.

***ഫെബ്രുവരി 12*** ⇨ ലോകത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം അവസാനിക്കുവാൻ.

***ഫെബ്രുവരി 13*** ⇨ മിഷണറിമാർക്കും ദൈവദാസന്മാർക്കുയെതിരെയുള്ള അക്രമം അവസാനിക്കുവാൻ.

***ഫെബ്രുവരി 14*** ⇨ ലോകം മുഴുവനുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണക്കായി.

***ഫെബ്രുവരി 15*** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

***ഫെബ്രുവരി 16*** ⇨ യുവജനങ്ങൾക്കുവേണ്ടിയുള്ള **വിളിയുടെ പ്രതിധ്വനി**യുടെ പ്രവർത്തനങ്ങൾക്കായി.

***ഫെബ്രുവരി 17*** ⇨ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുവാൻ.


***ഫെബ്രുവരി 18*** ⇨ ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളിൽനിന്നും കൊറോണയുടെയും മറ്റു പുതിയ വൈറസുകളുടെയും ഉന്മൂലനത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

രണമായി, ഏതെങ്കിലും ഒരു ജോലിയോ സ്ഥാനക്കയറ്റമോ നാം ആഗ്രഹിച്ചിട്ട് അത് ലഭ്യമാകുമ്പോൾ ആ ജോലിക്ക് അതിന്റേതായ വെല്ലുവിളികളും സമ്മർദ്ദങ്ങളും ഉള്ളതാണെന്നു നാം മനസ്സിലാക്കുന്നു. ജോലിഭാരം അത്യധികമായതിനാൽ നാം ആദ്യം പ്രതീക്ഷിച്ചതുപോലെ അല്ല എന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകുന്നു. "അത് ഇങ്ങനെ ആയിരിക്കുമെന്ന് ഞാൻ കരുതി," "ഇത് ഇങ്ങനെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു" എന്നൊക്കെ നമുക്ക് തോന്നാം.

സമ്മർദ്ദപൂരിതമായ സാഹചര്യങ്ങൾ ഒരിക്കലും നടക്കാത്ത പ്രതീക്ഷകൾ ഉണ്ടാക്കുമ്പോൾ എന്തെന്നറിയാതെ വിലപിക്കാനും പരാതിപ്പെടുവാനും ഇടയാക്കുന്നു. ഈ പ്രക്രിയയിൽ നമ്മുടെ സമാധാനവും സന്തോഷവുമെല്ലാം നഷ്ടപ്പെട്ടുപോകുന്നു. ഇത് ദൈവത്തിന് ഒട്ടും ഇഷ്ടമില്ലാത്ത കാര്യമാണ്.

യിസ്രായേൽ ജനം മിസ്രയീം വിട്ടപ്പോൾ ഇത് അനുഭവിച്ചു. 430 വർഷം ദൈവത്തോടു വിളിച്ചപേക്ഷിച്ചതിനുശേഷം **അവർക്കു വഴി കാണിക്കേണ്ടതിന്നു പകൽ മേഘസ്തംഭത്തിലും അവർക്കു വെളിച്ചം കൊടുക്കേണ്ടതിന്നു രാത്രി അഗ്നിസ്തംഭത്തിലും** കർത്താവ് അവരെ നയിച്ചു (പുറപ്പാട് 13:21). അവർ സന്തോഷത്താൽ നിറയുകയും 15-ാം അദ്ധ്യായം മുഴുവനും അവന്റെ നാമത്തെ സ്തുതിക്കുവാനായി അവർ സമർപ്പിച്ചു. അവർ നൃത്തം ചെയ്യുകയും പാടുകയും സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്തു.



*മേഘത്തിന്റെ തൂണും തീയും*

നിങ്ങൾ ദൈവത്തോടു കൂടുതൽ അടുക്കുമ്പോൾ നിങ്ങൾക്കെതിരെ സാത്താൻ പല വെല്ലുവിളികളും മറ്റു പ്രശ്നങ്ങളും ഉണ്ടാക്കും. **അനന്തരം മോശെ യിസ്രായേലിനെ ചെങ്കടലിൽനിന്നു പ്രയാണം ചെയ്യിച്ചു. ... മൂന്നു ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ സഞ്ചരിച്ചു** (പുറപ്പാട് 15:22), അവർ പരാതിപ്പെടാൻ തുടങ്ങി. അടിമത്തത്തിൽനിന്നും ശാപത്തിൽനിന്നും ചങ്ങലയിൽ നിന്നുമെല്ലാം വിടുതൽ നൽകി സ്വാതന്ത്ര്യത്തിലേക്ക് അവരെ കൊണ്ടുവന്ന ദൈവത്തെ അവർ മറന്നു. ദൈവം നമുക്കു നൽകുന്ന നന്മകളെ സൗകര്യപൂർവ്വം മറന്നുപോകുന്നു എന്നുള്ളത് നിർഭാഗ്യകരമായ കാര്യമാണ്.



*അവർ പരാതി പറയാൻ തുടങ്ങി*

**മോശെയുടെ നേരെ പിറുപിറുത്തു** (പുറപ്പാട് 15:24). അവർ പരാതിപ്പെടാൻ തുടങ്ങി. ദൈവം നമുക്കു നൽകിയ നന്മകളെ മറന്ന് എത്രയോ തവണ നാം പരാതി പറഞ്ഞിട്ടുണ്ട്? യിസ്രായേൽ ജനതയ്ക്ക് മൂന്നു ദിവസമായി വെള്ളം ലഭിക്കാത്തതും അവരുടെ പ്രതീക്ഷകൾ പോലെ സംഭവിക്കാത്തതും അവരെ നിരാശിതരാക്കി. നിരാശകൾ നമ്മുടെ സന്തോഷത്തെയും സമാധാനത്തെയുമെല്ലാം അപഹരിച്ചുകളയുന്നു.



*എഴുപതു പനകളുള്ള പന്ത്രണ്ടു കിണറുകൾ*

എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ ചിന്തകൾക്കും പ്രതീക്ഷകൾക്കും അപ്പുറം ഉയർന്നതും വലിയതുമാണ്. അവരുടെ പരാതികളെക്കുറിച്ച് ചിന്തിക്കാതെ **ദൈവം അവർക്ക് ഒരു കിണറിനു പകരം പത്തെണ്ണം നൽകി അവരെ അനുഗ്രഹിച്ചു** (പുറപ്പാട് 15:27). ഓരോ ഗോത്രത്തിനും ഓരോന്നു വീതം എന്നു ഞാൻ അനുമാനിക്കുന്നു. അവർക്കിടയിൽ തർക്കങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ടതിനാൽ അവർക്ക് വെള്ളത്തിനരികെ പാളയമിറങ്ങാനുള്ള അവസരം നൽകി അനുഗ്രഹിച്ചു.

വേദപുസ്തകത്തിൽ നോക്കുകയാണെങ്കിൽ മഹാന്മാരായ എല്ലാ ദൈവദാസന്മാരും

8-ാം പേജിൽ തുടരും...


## നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd.: 1969

REACHING NATIONS

**കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

Certificate in Ministry
Diploma in Theology

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.

Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |




# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)




## ചെന്നൈ ലൈറ്റ് ഹൗസ്!

*നിങ്ങളുടെ ജീവിതത്തിന്റെ അന്ധകാരം ഉടൻ തന്നെ വെളിച്ചമായി രൂപാന്തരപ്പെടും!*

അനേകം വർഷങ്ങൾക്കുമുമ്പ്, എന്റെ ശുശ്രൂഷയിലെ പ്രയാസങ്ങൾ എന്നെ വളരെയധികം ബാധിച്ചിരുന്നു. അന്നേരം എന്റെ മനസ്സിൽ അനേകം ചോദ്യങ്ങളുണ്ടായിരുന്നു. ഈ ലോകത്തിലെ മറ്റേതൊരു മനുഷ്യനെയുംപോലെ കർത്താവിന്റെ ശുശ്രൂഷയിൽ പ്രവേശിക്കാതെ എനിക്കും ജീവിക്കാമായിരുന്നു എന്ന ചിന്ത എനിക്കുണ്ടായി. അങ്ങനെ ചെയ്തിരുന്നു എങ്കിൽ എന്റെ ജീവിതത്തിൽ എനിക്കു പ്രശ്നങ്ങളുണ്ടാക്കിയവരോട് എന്റേതായ രീതിയിലും എന്റെ സ്വന്തം ശക്തിയിലും എനിക്ക് പ്രതികാരം ചെയ്യാമായിരുന്നു. മാത്രമല്ല, എന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ കുറുക്കുവഴികൾ സ്വീകരിക്കുകയും ചെയ്യാമായിരുന്നു. കർത്താവിന്റെ ദാസനാകണമെന്നത് എന്റെ സ്വയമായ ആഗ്രഹമാണോ അതോ അത് യഥാർത്ഥത്തിലുള്ള ദൈവവിളിയാണോ എന്നു ഞാൻ ചിന്തിച്ചു.

ഈ ചിന്തകളുമായി 1976 ലെ ഒരു ദിവസം രാത്രി 10.00 മണിയോടെ ചെന്നൈ മറീന ബീച്ചിലുള്ള ലൈറ്റ് ഹൗസിനു സമീപം ഞാൻ മുട്ടുമടക്കി ദൈവത്തോടു പ്രാർത്ഥിച്ചു. അന്നേദിവസത്തെ പകലിൽ എന്നെ താങ്ങുവാനായി ആരും ഇല്ലായിരുന്നു. എല്ലാവരും എന്നെ വിട്ടുപോയിരുന്നു. എന്റെ കണ്ണുകൾ ആ ലൈറ്റ് ഹൗസിൽ തന്നെ ആയിരുന്നു.



കടലിലൂടെ പോകുന്ന കപ്പലുകളെ കരയിലേക്കു നയിക്കുന്നതിനായി ഒരു പ്രത്യേക വേഗതയിൽ തിരിയുന്ന രീതിയിലാണ് അതിന്റെ പ്രകാശം രൂപകല്പന ചെയ്തിരിക്കുന്നത്. കറങ്ങിക്കൊണ്ടിരിക്കുന്ന പ്രകാശം നിരീക്ഷിച്ചപ്പോൾ 15 സെക്കന്റ് ലൈറ്റ് കത്തുകയും അടുത്ത 10 സെക്കന്റ് മങ്ങികത്തുകയും പിന്നീട് ഇരുണ്ടു പോകുകയും ചെയ്യുന്നു എന്നു ഞാൻ മനസ്സിലാക്കി.

വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും മാറി വരുന്ന ക്രമം ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, എനിക്ക് ഒരു പുതിയ വീക്ഷണം ലഭിക്കുകയും പുതിയ ഉണർവ്വ് അനുഭവമാകുകയും ചെയ്തു. കൂടാതെ "നിന്റെ ജീവിതത്തിലെ ഇരുട്ടു മാറി വെളിച്ചം വരും" എന്നു വ്യക്തമായി പറയുന്ന ശബ്ദവും കേട്ടു.

പ്രീയ വായനക്കാരാ, നിങ്ങൾ സ്വയം വലിയ അപകടത്തിലാണോ അതോ ഭയങ്കരമായ കഷ്ടത അഭിമുഖീകരിക്കുകയാണോ? നിരുത്സാഹപ്പെടരുത്! വെളിച്ചവും ഇരുളും വരികയും പോകുകയും ചെയ്യും. പക്ഷെ, കർത്താവ് സ്ഥിരമായി നമ്മോടൊപ്പം തന്നെയുണ്ട്. അവൻ ഇന്നലെയും ഇന്നും എന്നേക്കും ഒരുപോലെയാണ്. നമ്മുടെ പൂർവ്വപിതാക്കളായ അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം നിന്റെ കൈ പിടിച്ച് നിന്നെ സംരക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യും.

അവനിൽ മാത്രം വിശ്വസിക്കുക!!

*******

6-ാം പേജിന്റെ തുടർച്ച...

നിരാശയിലൂടെ കടന്നുപോകേണ്ടിവന്നതായി നമുക്കു കാണാൻ സാധിക്കും. അബ്രഹാം, നോഹ, യാക്കോബ്, ശമുവേൽ, ഏലി, ഹന്ന, യിരെമ്യാവ്, ദാവീദ്, ഇയ്യോബ്, നെഹെമ്യാവ്, പത്രൊസ്, പൗലൊസ് എന്നിവരും, മറ്റ് അനേകം ശക്തരായ ദൈവരാജ്യത്തിലെ വ്യക്തികളും നിരാശയും തകർച്ചയും അനുഭവിച്ചതായി കാണാം. ഈ പരീക്ഷണങ്ങളിലൂടെയാണ് അവരുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടതും, ശുദ്ധീകരിക്കപ്പെട്ടതും, ആത്യന്തികമായി വളർച്ചയിലേക്കും ദൈവത്തിലുള്ള ആഴമേറിയ ആശ്രയത്തിലേക്കും നയിച്ചത്. അവരുടെയെല്ലാം നിരാശയുടെ മദ്ധ്യേ തന്നെ ദൈവം തന്റെ പദ്ധതികൾ പൂർത്തീകരിച്ചു. ഈ വർഷം നിങ്ങളുടെ ജീവിതത്തിൽ ഇങ്ങനെയൊക്കെ ചെയ്യാൻ അവനു കഴിയും. നിങ്ങൾക്കു നിരാശയും തകർച്ചയും ഉണ്ടെങ്കിലും ദൈവത്തിനു നമുക്കുവേണ്ടിയുള്ള പദ്ധതി അവൻ നിറവേറ്റുക തന്നെ ചെയ്യും. ഇന്നു നിങ്ങൾക്കു നിരാശ തോന്നുന്നുണ്ടോ? നിങ്ങൾ തകർച്ചയിലാണെന്നു തോന്നുന്നുണ്ടോ? ദൈവം തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ട് നമുക്കുവേണ്ടി പ്രവർത്തിക്കുന്നു. ഒരിക്കലും പ്രതീക്ഷ കൈവെടിയരുത്. അവന്റെ കൈപ്പത്തിയിൽ നിങ്ങളെ കൊത്തിവെച്ചിരിക്കുന്നു, അവൻ നിന്നെ ഒരിക്കലും കൈവെടിയുകയില്ല. നിന്റെ ജീവിതത്തിൽ അവൻ എന്തു തുടങ്ങിവെച്ചോ, അത് പൂർത്തീകരിക്കുകതന്നെ ചെയ്യും.

### 3. നിരുത്സാഹപ്പെടുത്തുക!

നമ്മുടെ ജീവിതത്തിൽനിന്ന് ദൈവത്തിന്റെ നന്മ മോഷ്ടിക്കാൻ സാത്താൻ പ്രയോഗിക്കുന്ന മൂന്നാമത്തെ ആയുധമാണ് നിരുത്സാഹം.

മാർത്തയുടെയും മറിയയുടെയും ചരിത്രത്തിൽ, ലാസറിന്റെ മരണത്തോടനുബന്ധിച്ച് അവർ യേശുവിനോട് പരാതി പറയുമ്പോഴത്തെ അവസ്ഥ ഇതിന്റെ ഉദാഹരണമായി നമുക്കു കാണാം. **കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ**



*മാർത്തയും മറിയയും യേശുവിനോട് പരാതി പറഞ്ഞു!*

**മരിക്കയില്ലായിരുന്നു** (യോഹന്നാൻ 11:32). ചിലപ്പോൾ ദൈവം നമ്മുടെ പ്രീയപ്പെട്ടവരുടെ വിയോഗത്തിലൂടെ നമ്മെ ആ അവസ്ഥയെ പരിചയപ്പെടുത്തിത്തരുന്നു. ഈ കഴിഞ്ഞ വർഷം ഈ അവസ്ഥയിലൂടെ നമ്മിൽ പലരും കടന്നുപോയിരിക്കാം. ഇത് നമ്മുടെ ഉത്സാഹത്തെ തളർത്തുന്ന ഒരു അവസ്ഥയാണ്. എന്തുകൊണ്ടാണ് കർത്താവ് ഇടപെടാത്തതെന്നും, എന്തുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകാത്തതെന്നും നാം ചോദിക്കുന്നു. എന്നിരുന്നാലും **യേശു കണ്ണുനീർ വാർത്തു** എന്ന് വചനം പറയുന്നു (യോഹന്നാൻ 11:35). നമ്മുടെ വേദനയും കണ്ണീരും തകർച്ചയും മനസ്സിലാക്കുന്ന ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. **നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു** (എബ്രായർ 4:15).

നാം കരയുമ്പോൾ യേശുവും കരയുന്നു. നമ്മുടെ അതേ വേദന അവനും അനുഭവിക്കുന്നു. അവൻ നമ്മുടെ പരീക്ഷണങ്ങളുടെ മദ്ധ്യേയാണ്. അത് നമ്മിൽ വിശ്വാസം ഉളവാക്കുന്നു എന്ന് അവന് അറിയാം. അതിനാൽ നാം നിരുത്സാഹപ്പെടരുത്. നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്താനും നമ്മുടെ സൃഷ്ടാവ് അവനാണെന്ന് കാണിക്കുവാനുമാണ് ലാസറിന്റെ ബെഥാന്യയിലേക്ക് യേശുക്രിസ്തു താമസിച്ചത്. **ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും** (യോഹന്നാൻ 11:25). ഈ സത്യം തെളിയിക്കുവാൻ ഒരു സഹോദരനോ, സ്നേഹിതനോ, മകനോ, ഭർത്താവോ, പിതാവോ-അങ്ങനെ ആരെങ്കിലും ഒരാൾ മരിക്കണം. അതിലൂടെ അവൻ നമ്മെ സ്ഥിരോത്സാഹം പഠിപ്പിക്കും.

**എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ** (യാക്കോബ് 1:2,3) എന്നു വേദപുസ്തകം നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ വിശ്വാസം നാം കൈവിടരുത്.

നിങ്ങൾ മുൻകാലങ്ങളിൽ ഉപേക്ഷിച്ചുകളഞ്ഞത് ഈ വർഷം പുനരാരംഭിക്കുവാൻ ദൈവം നിങ്ങളെ പ്രാപ്തരാക്കും. ഈ വർഷം പുനർനിർമ്മാണത്തിന്റെ വർഷമായിരിക്കും, കാര്യങ്ങൾ പൂർത്തീകരിക്കുന്നതു നാം കാണും, പൂർത്തീകരിക്കാതെ ഒന്നും ഉണ്ടായിരിക്കുകയില്ല.

നിങ്ങളുടെ പരീക്ഷണങ്ങളുടെയും പരാജയങ്ങളുടെയും നാണക്കേടുകളുടെയുമെല്ലാം മദ്ധ്യേ ദൈവം നമ്മോടൊപ്പം നടക്കുന്നു. അവൻ നിങ്ങളോടൊപ്പം തീയുടെ മദ്ധ്യേ നടക്കുന്ന നാലാമത്തെ വ്യക്തിയാണ്. നിങ്ങളുടെ സ്ഥിരോത്സാഹത്തിന്റെ ഫലം കാണുന്ന വർഷമാണിത്.

അതിനാൽ പ്രീയ സഹോദരീസഹോദരന്മാരേ, നിങ്ങൾ പരീക്ഷണങ്ങളും പരാജയങ്ങളും നേരിടുമ്പോഴും, ദുഃഖം നിങ്ങളുടെ സമാധാനവും സന്തോഷവും ഇല്ലാതാക്കുമ്പോഴും, കാര്യങ്ങൾ ആസൂത്രണം ചെയ്തതുപോലെ നടക്കാതെ വരുമ്പോഴും, ഇതെല്ലാം സന്തോഷമായി കണക്കാക്കാൻ ഓർക്കുക. ഇതാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. നമ്മൾ അനുഭവിക്കുന്ന എല്ലാത്തിന്റെയും ഒപ്പം നടക്കുന്ന മഹാപുരോഹിതൻ നമുക്കുണ്ട്. തീക്കുണ്ഠത്തിന്റെ മദ്ധ്യേ നിങ്ങളുടെയും എന്റെയും അടുത്തായി മറ്റൊരാൾ നിൽക്കുന്നു. ദൈവത്തിന്റെ നന്മ അതിന്റെ മദ്ധ്യേ സമാധാനവും സന്തോഷവും നൽകുന്നു,



*യേശുക്രിസ്തു സമാധാനവും സന്തോഷവും തരുന്നു!*

കാരണം അവൻ സമാധാനത്തിന്റെ രാജകുമാരനാണ്.

നീ ഒറ്റക്കല്ല, ഒറ്റക്ക് ഒന്നും നേരിടേണ്ടതില്ല.

തളരരുത്, സഹിക്കുക, വീണിടത്തുനിന്നും ഉയരുക.

സാത്താൻ പറയുന്ന കള്ളം കേൾക്കരുത്. ദൈവത്തെ അനുവദിക്കുക.

*******


## അത്യാവശ്യം

നെഹെമ്യ ബൈബിൾ കോളേജിലേക്ക് 1000 ഹിന്ദി ബുക്കുകൾ ആവശ്യമുണ്ട്. വേദശാസ്ത്രപരമായ ഹിന്ദി പുസ്തകങ്ങൾ ശേഖരിക്കുവാനുള്ള വഴികൾ ദയവായി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

- Pr. S. Sam Selva Raj, Editor
+91-98412 71858

## WANTED for

**NEHEMIAH BIBLE COLLEGE**
**of ECHO OF HIS CALL, Chennai**
**(ATA Candidate)**

1. **DEAN (Residential):** Hindi Theologian with M.Div. / M.Th. Degree & experience.
2. **VICE-PRINCIPAL:** English / Tamil / Hindi Theologian with M.Div. / M.Th. & experience.
3. **CO-ORDINATOR:** With Computer / Typing knowledge in English, Tamil & Hindi.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98410 71858

## ലൈബ്രറി ബുക്കുകൾ
### ആവശ്യമുണ്ട്

സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറികളിലേക്ക് തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ ആവശ്യമുണ്ട്. പുതിയതോ പഴയതോ ആയ നല്ല പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിലും സംഭാവന ചെയ്യാൻ തയ്യാറാണെങ്കിലും ഞങ്ങളുമായി ബന്ധപ്പെടുവിൻ.

- Pr. S. Sam Selva Raj, Editor
+91-98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ

\- എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |
| SWIFT CODE | : | SBI NIN BB 455 |

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th JANUARY, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**